**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1227** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിലെ കുഴികൾ അടയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി സെൻട്രൽ ജംഗ്ഷൻ, മഞ്ചേരി-മലപ്പുറം റോഡിൽ കച്ചേരിപ്പടി എന്നിവിടങ്ങളിലെ റോഡുകളിലെ കുഴികൾ അടയ്ക്കേണ്ടത് വാട്ടർ അതോറിറ്റി ആണെന്ന പൊതുമരാമത്ത് വകുപ്പിന്റെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മലപ്പുറം - മഞ്ചേരി റോഡിൽ കച്ചേരിപ്പടിയിലേയും, കോഴിക്കോട് - ഗൂഡല്ലൂർ റോഡിൽ മഞ്ചേരി സെൻട്രൽ ജംഗ്ഷനിലേയും പഴയ പൈപ്പ് ലൈൻ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ത്രികക്ഷി കരാർ ഉടമ്പടി പ്രകാരമാണ് പ്രസ്തുത പ്രവൃത്തി ആരംഭിച്ചത്. ഈ കരാർ പ്രകാരം റോഡ് റെസ്റ്റോർ ചെയ്യേണ്ടത് വാട്ടർ അതോറിറ്റി കരാറുകാരൻ തന്നെയാണ്. കച്ചേരിപ്പടിയിലെ റോഡിന്റെ വലതുഭാഗത്ത് രൂപപ്പെട്ട കുഴികൾ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ലീക്ക് മൂലമാണ് സംഭവിച്ചിട്ടുള്ളത്. ആയത് റെസ്റ്റോർ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | മലപ്പുറം - മഞ്ചേരി റോഡിൽ കച്ചേരിപ്പടിയിലേയും, കോഴിക്കോട് - ഗൂഡല്ലൂർ റോഡിൽ മഞ്ചേരി സെൻട്രൽ ജംഗ്ഷനിലേയും പഴയ പൈപ്പ് ലൈൻ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ത്രികക്ഷി കരാർ ഉടമ്പടി പ്രകാരമാണ് പ്രസ്തുത പ്രവൃത്തി ആരംഭിച്ചത്. ഈ കരാർ പ്രകാരം റോഡ് റെസ്റ്റോർ ചെയ്യേണ്ടത് വാട്ടർ അതോറിറ്റി കരാറുകാരൻ തന്നെയാണ്. കച്ചേരിപ്പടിയിലെ റോഡിന്റെ വലതുഭാഗത്ത് രൂപപ്പെട്ട കുഴികൾ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ലീക്ക് മൂലമാണ് സംഭവിച്ചിട്ടുള്ളത്. ആയത് റെസ്റ്റോർ ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ